TB Movie Panel Weekly Review

**#MoviePanel**

Knives Out

OTT : Amazon Prime

ഹോളിവുഡിൽ അടുത്ത കാലത്ത് ഇറങ്ങിയ ഏറ്റവും മികച്ച ഇൻവെസ്റ്റിഗേഷൻ ത്രില്ലെറെന്ന് നിസംശയം പറയാവുന്ന ഒന്നാണ് Knives Out. ബ്രേക്കിങ് ബാഡ് എന്ന പ്രശ്സ്ത ടെലിവിഷൻ സീരീസ് സംവിധാനം ചെയ്തിട്ടുള്ള Rian Johnson തന്നെയാണ് Knives Out ന്റ രചന, സംവിധാനം, നിർമ്മാണം എന്നിവ നിർവഹിച്ചിരിക്കുന്നത്.

രാജ്യത്തെ ഏറെ പ്രശസ്തനും ധനികനുമായ നോവലിസ്റ്റ് ആണ് ഹർലൻ ത്രോമ്പെയ്. തന്റെ 85മത് ജന്മദിനാഘോഷത്തിന് അദ്ദേഹം തന്റെ കുടുംബത്തിലെ എല്ലാവരെയും ക്ഷണിച്ചു. അന്ന് രാത്രി നടന്ന ഗംഭീര പാർട്ടി കഴിഞ്ഞ് എല്ലാവരും അവരവരുടെ മുറികളിൽ ഉറങ്ങാൻ പോയി. പിറ്റേന്ന് പുലർച്ചെ ആ ഞെട്ടിക്കുന്ന വാർത്ത കെട്ടാണ് എല്ലാവരും ഉണർന്നത്,'ഹർലൻ ത്രോമ്പെയ് ആത്മഹത്യ ചെയ്തിരിക്കുന്നു', അതും സ്വന്തം കത്തി കൊണ്ട് കഴുത്ത് മുറിച്ച്. സ്വാഭാവിക അന്വേഷണത്തിനായി പോലീസ് എത്തിയപ്പോൾ കൂടെ മറ്റൊരാൾ കൂടി ഉണ്ടായിരുന്നു, രാജ്യത്തെ ഏറ്റവും പ്രശസ്തനായ കുറ്റന്വേഷകൻ Benoit Blanc. അദ്ദേഹത്തെ വൻ പ്രതിഫലം നൽകി ഇവിടെ അന്വേഷിക്കാൻ എത്തിച്ചത് ആരാണെന്ന് അദ്ദേഹത്തിനു പോലും അറിവുണ്ടായിരുന്നില്ല എന്നതാണ് സത്യം.

സമർത്ഥനായ കുറ്റന്വേഷകൻ Benoit Blanc കൊലപാതക കേസിന്റെ കുരുക്കുകൾ ഓരോന്നായി അഴിക്കാൻ തുടങ്ങി. ഓരോ ആളുകളിലൂടെ കഥ നമുക്ക് തെളിഞ്ഞു തെളിഞ്ഞു വരുന്നു ഒടുവിൽ മരണം നടന്നത് എങ്ങനെ എന്ന് കാണിച്ചിട്ടും, പലതും വരാൻ ബാക്കി കിടക്കുന്നതെ ഉണ്ടായിരുന്നുള്ളു..

2019 ൽ ഇറങ്ങിയ Knives Out നേടിയ മികച്ച സാമ്പത്തിക വിജയവും നിരൂപക പ്രശംസയും അതിനു ഒരു ഭാഗം കൂടി ഒരുക്കാൻ നിർമ്മാതാക്കൾക്ക് പ്രചോദനമായി. Glass Onion : A knives Out Mystery എന്ന പുതിയ സിനിമയിലൂടെ ഡിറ്റെക്റ്റീവ് Benoit Blanc തിരിച്ചെത്തിയിരിക്കുന്നു.